(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഇല്ല. എന്നാൽ കേന്ദ്ര സർക്കാർ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഫിഷറീസ് യൂണിവേഴ്സിറ്റി കേരളത്തിൽ ആയിരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) സെൻട്രൽ ബോർഡ് ഓഫ് ഫിഷറീസിന്റെ സ്റ്റാൻറിംഗ് കമ്മിറ്റി അതിന്റെ 23-7-1983-ലെ മീറ്റിംഗിൽ ഒരു ഫിഷറിംസ് യൂണിവേഴ്സിറ്റി രാജ്യത്ത് സ്ഥാപിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായ വിവരം സംസ്ഥാന ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ അങ്ങനെ ഒരു ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നെങ്കിൽ ആയത് കേരളത്തിൽതന്നെ ആയിരിക്കണമെന്ന് 31-10-1983 കേരള മുഖ്യമന്ത്രി കേന്ദ്രകൃഷി മന്ത്രിയോട് കത്തുമുഖേന ആവശ്യപ്പെടുകയുണ്ടായി. ഇതിന് ഉപോൽബലകമായി കേരളത്തിലെ അനുകൂല സാഹചര്യങ്ങൾ വിശദമായി കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. എന്നാൽ ഐ. സി. എ. ആർ–ന്റെ (ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച്) ഫിഷറീസ് മേഖലയിലെ ഏറ്റവും വലിയ സ്ഥാപനമായ ബോംബെയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തെ ഏഴാം പദ്ധതി കാലത്ത് ഒരു ഡീംഡ് ഫിഷറീസ് യൂണിവേഴ്സിറ്റിയായി വികസിപ്പിച്ചെടുക്കാൻ വേണ്ട നടപടികൾ ഐ. സി. എ. ആർ. കൈക്കൊണ്ടുവരികയാണെന്ന് മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. കേരളത്തിലെ മൽസ്യബന്ധന വികസന ബാദ്ധ്യതകളും മറ്റ് അനുകൂല സാഹചര്യങ്ങളും പരിഗണിച്ച് ഒരു ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് കേരളത്തിൽതന്നെ ആയിരിക്കണമെന്ന് വീണ്ടും വീണ്ടും കേന്ദ്രത്തോട് കത്തുമുഖേനയും നേരിട്ടും സമ്മർദ്ദം ചെലുത്തിവരികയാണ്. കേന്ദ്ര ഫിഷറീസ് ബോർഡിന്റെ 14-ാമത് യോഗത്തിൽ (26-9-1986) പങ്കെടുക്കാൻ കേന്ദ്രകൃഷി മന്ത്രി തിരുവനന്തപുരത്ത് എത്തിയപ്പോഴും ഇക്കാര്യം അദ്ദേഹത്തിന്റെ പ്രത്യേകമായ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ അറസ്റ്റു ചെയ്യപ്പെടാനുള്ള പ്രതികൾ

1. [1] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ നടന്ന കൊലപാതകങ്ങളിൽ എത്ര കേസുകളിൽ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട് ;

(ബി) രാഷ്ട്രീയ കൊലപാതങ്ങളിൽ മരണപ്പെട്ടവർ ഏതെല്ലാം പാർട്ടികളിൽപ്പെട്ടവരാണ് ;

(സി) ഓരോ പാർട്ടികളിലും എത്ര പേർ വീതം കൊലചെയ്യപ്പെട്ടിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 114 കേസുകളിലെ പ്രതികളെ അറസ്റ്റുചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സി. പി. എം.—28
സി. പി. ഐ.—5
കോൺഗ്രസ് ഐ.—31
ആർ. എസ്. എസ്.—13
കോൺഗ്രസ് എസ്—2
കേരളാകോൺഗ്രസ്—2
ഐ. യു. എം. എൽ—3
ബി. എൽ. ഡി.—1
ബി. ജെ. പി.—3

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന കൊലപാതകങ്ങൾ

2. [2] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നു ;

(ബി) കേസ് ചാർജ് ചെയ്യാത്തതും പ്രതികളെ പിടികിട്ടാത്തതുമായ എത്ര കേസുകളുണ്ട് ?

ഉത്തരം

(എ) 2076 കൊലപാതകങ്ങൾ നടന്നു.
(ബി) 114 കേസുകൾ.

1982 ഏപ്രിൽ മുതൽ 1985 മാർച്ചുവരെ സംസ്ഥാനത്ത് നടത്തിയിട്ടുള്ള കൊലപാതകങ്ങൾ

3. [5] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
,, കെ. മൂസ്സാക്കുട്ടി :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ മുതൽ 1986 മാർച്ച് വരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്ത് നടത്തിയിട്ടുള്ള കൊലപാതകങ്ങൾ എത്ര ;

(ബി) ഇതിൽ പ്രതികളെ കിട്ടാത്തവ എത്ര ;

(സി) തെളിയിക്കപ്പെടാത്ത കേസുകളെത്ര ?

ഉത്തരം

(എ) 1982-83 477
1983-84 510
1984-85 456
1985-86 451
(ബി) 1146 കേസുകൾ
(സി) 28.

റിപ്പോർട്ട് ചെയ്യപ്പെട്ട കൊലപാതങ്ങൾ

4. [6] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) 24-5-1982 മുതൽ 30-9-1986 വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കൊലപാതങ്ങൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly